നമ്പർ:സി.പി (4) 51580/2010

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 18.06.2011.

**Email : keralarcs@coop.kerala.gov.in**
**Website: www.cooperation.kerala.gov.in**
**Tel.No. 0471-2330726**

## സർക്കുലർ നമ്പർ - 40 /2011

വിഷയം : സഹകരണ വകുപ്പ്-സഹകരണ സ്ഥാപനങ്ങൾ മേലധികാരികൾക്ക് കീഴധികാരികൾ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ യഥാവിധി നടപടികൾ സ്വീകരിക്കാതെ കീഴധികാരികൾ മടക്കി നൽകുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന :

..............................

ഒരു സഹകരണ സംഘം, ഫീഡർ കാറ്റഗറി റൂൾസ് ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ തന്നെ നിരസിച്ചതിനെതിരെ സംഘം ഫയൽ ചെയ്ത റിട്ട്പെറ്റിഷനിൽ പുറപ്പെടുവിച്ച വിധിപ്രകാരം താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ജോയിന്റ് രജിസ്ട്രാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ അനുകൂലമോ പ്രതികൂലമോ ആയ അഭിപ്രായം രേഖപ്പെടുത്തി ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതിന് പകരം ആയത്, അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ തീർപ്പാക്കുന്ന/നിരസിക്കുന്ന നടപടിയും, സഹകരണ സംഘം രജിസ്ട്രാർ തീരുമാനമെടുക്കേണ്ട വിഷയങ്ങളിൽ ജോയിന്റ് രജിസ്ട്രാർ തലത്തിൽ മടക്കുകയും/യാതൊരു അഭിപ്രായവും രേഖപ്പെടുത്താതെ സഹകരണസംഘം രജിസ്ട്രാർക്ക് അയക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഗവൺമെന്റ്, സഹകരണ സംഘം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നീ തലങ്ങളിൽ പരിഗണനയ്ക്കായി കീഴ് ആഫീസുകൾ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും നിരസിക്കുവാനോ മടക്കി നൽകുവാനോ പാടില്ലാത്തതും, ആയത് ബന്ധപ്പെട്ടവർക്ക് തങ്ങളുടെ വ്യക്തമായ അഭിപ്രായ സമേതം സമർപ്പിക്കേണ്ടതുമാണ്.

2) ജോയിന്റ് രജിസ്ട്രാറുടെ പരിഗണനയ്ക്കായി അസിസ്റ്റന്റ് രജിസ്ട്രാർക്ക് ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായ അഭിപ്രായസഹിതം ജോയിന്റ് രജിസ്ട്രാർക്ക് കാലതാമസം കൂടാതെ സമർപ്പിക്കേണ്ടതും, സഹകരണ സംഘം രജിസ്ട്രാറുടെ പരിഗണനയ്ക്കായി ജോയിന്റ് രജിസ്ട്രാർക്ക് ലഭിക്കുന്ന വിഷയങ്ങൾ വ്യക്തമായ അഭിപ്രായ സഹിതം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ എല്ലാ വകുപ്പ് ഉദ്യോഗസ്ഥരും കർശനമായും പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്,
കെ.വി. സുരേഷ് ബാബു,
സഹകരണ സംഘം രജിസ്ട്രാറുടെ
ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

വകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർമാർക്കും
3. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
5. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
6. സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്)
7. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ, സ്പെയർ

//ആജ്ഞാനുസരണം//

Soudameni AB

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)

എൻ.പി/